## കേരള സർക്കാർ
## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മട്ടന്നൂർ നഗരസഭ - ശുചീകരണ പ്രവർത്തനത്തിനിടയിൽ അപകടം സംഭവിച്ച് മരണമടഞ്ഞ ബദൽ തൊഴിലാളി ശ്രീ.കെ. ദാമോദരന്റെ ചികിത്സാ ചെലവ് ഒരു പ്രത്യേക കേസായി പരിഗണിച്ച് ടി നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും നല്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

==================================================================

### തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്

സ.ഉ.(സാധ)നം. 689/2013/തസ്വഭവ. തീയതി, തിരുവനന്തപുരം, 19.3.2013

==================================================================

പരാമർശം:- 1. നഗരകാര്യ ഡയറക്ടറുടെ 12.2.2013-ലെ ഇ2-1750/13 നമ്പർ കത്ത്.

2. മട്ടന്നൂർ നഗരസഭാ സെക്രട്ടറിയുടെ 04/2/2013-ലെ C1-671/13 നമ്പർ കത്തും മട്ടന്നൂർ നഗരസഭാ കൗൺസിലിന്റെ 20.1.2013-ലെ 2-ാം നമ്പർ തീരുമാനവും.

### <u>ഉത്തരവ്</u>

മട്ടന്നൂർ നഗരസഭയിൽ 2006 മുതൽ ബദൽ തൊഴിലാളിയായിരിക്കെ 21.12.2012-ൽ സംഭവിച്ച അപകടത്തെത്തുടർന്ന് 12.1.2013-ൽ മരണമടഞ്ഞ ശ്രീ.കെ. ദാമോദരന്റെ ആശ്രിതർക്ക് സർവ്വീസ് ആനുകൂല്യങ്ങളും ചികിത്സാ ചെലവും അനുവദിക്കണമെന്ന് പരാമർശ പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീ. കെ. ദാമോദരൻ സ്ഥിര നിയമനം ലഭിച്ച വ്യക്തിയല്ലാത്തതിനാൽ ടിയാന്റെ ആശ്രിതർക്ക് നിലവിലെ ചട്ടപ്രകാരം സർവ്വീസ് ആനുകൂല്യങ്ങൾക്ക് അർഹതയില്ല. എന്നാൽ സന്തപ്ത കുടുംബത്തിന്റെ സാമ്പത്തിക

ബുദ്ധിമുട്ടുകളുടെ പശ്ചാത്തലത്തിൽ, മരണമടഞ്ഞത് സേവനത്തിനിട യിലാണെന്ന വസ്തുത പരിഗണിച്ച് ഒരു പ്രത്യേക കേസായി പരിഗണിച്ച് ടിയാന്റെ ചികിത്സാർത്ഥം ചെലവായ 2,68,473/- (രണ്ട് ലക്ഷത്തി അറുപത്തിയെണ്ണായിരത്തി നാനൂറ്റി എഴുപത്തിമൂന്ന് രൂപ മാത്രം) മട്ടന്നൂർ നഗരസഭാ ഫണ്ടിൽ നിന്നും നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**പി.റംലത്ത്,**
**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി/ചെയർമാൻ, മട്ടന്നൂർ നഗരസഭ, കണ്ണൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**